മലമ്പനി നിർമ്മാർജ്ജനം

138 (849)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലമ്പനി നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മലമ്പനി രോഗത്തിന് പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് സർക്കാർ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്;

(സി) രോഗം വ്യാപിപ്പിക്കാതിരിക്കാൻ എല്ലാ ആശുപത്രികളിലും പ്രതിരോധ കുത്തിവയ്പ് നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) രോഗം ബാധിച്ചവരെ ആശുപത്രികളിൽ പ്രത്യേക മുറികളിൽ കിടത്തി ചികിൽസിക്കാൻ സൗകര്യം ചെയ്യുമോ;

(ഇ) ദേശീയ മലമ്പനി നിവാരണ പരിപാടിയുടെ പ്രവർത്തനംമൂലം സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് വിവിധോദ്ദേശ ആരോഗ്യ പരിപാടിയിൽ ഉൾപ്പെടുത്തികൊണ്ടാണ്. വിവിധോദ്ദേശ ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനവേളയിൽ എല്ലാ പനിയും മലമ്പനിയാണെന്നുള്ള അനുമാനത്തിൽ രക്തം പരിശോധിക്കുകയും രോഗനിർണ്ണയം നടത്തുകയും ചെയ്യുന്നു. രക്ത പരിശോധനയിൽ രോഗം സ്ഥിരീകരിച്ചാൽ സമ്പൂർണ്ണ ചികിൽസ നൽകിവരുന്നു.

(ബി) അനുയോജ്യമായ കൊതുകുനശീകരണ പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്നു. കൂടാതെ വ്യക്തിഗത സംരക്ഷണം (കൊതുകു വല, ലേപനങ്ങൾ, കൊതുകുതിരി) മുതലായവയുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസവും സാമൂഹിക പങ്കാളിത്തവും ഉറപ്പുവരുത്തുന്നു.

(സി) മലമ്പനിക്കെതിരെ പ്രതിരോധ കുത്തിവയ്പുകളൊന്നും നിലവിലില്ല.

(ഡി) സങ്കീർണ്ണാവസ്ഥയിലുള്ള രോഗികളെ ആശുപത്രികളിൽ പ്രത്യേകം കിടത്തി ചികിൽസിക്കുവാൻ സൗകര്യമുണ്ട്.

(ഇ) ഊർജ്ജിത മലമ്പനി നിർമ്മാർജ്ജനപ്രവർത്തനം കേരളത്തിൽ നടപ്പാക്കിയതിന്റെ ഫലമായി മലമ്പനി രോഗികളുടെ എണ്ണം പൊതുവിലും തദ്ദേശീയമായി ഉണ്ടാകുന്ന മലമ്പനിരോഗബാധയുടെ എണ്ണം പ്രത്യേകിച്ചും കുറച്ചുകൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. തീരദേശ പട്ടണപ്രദേശങ്ങളായ വലിയതുറ (തിരുവനന്തപുരം ജില്ല) പള്ളിത്തോട്ടം (കൊല്ലം ജില്ല), കാസർകോട് മുനിസിപ്പാലിറ്റി (കാസർകോട് ജില്ല) എന്നിവിടങ്ങളിലുണ്ടായ തദ്ദേശ മലമ്പനി രോഗബാധ പൂർണ്ണമായി നിയന്ത്രണവിധേയമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly